ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:02-08-2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് മഴ ശക്തം . 64 ദുരിതാശ്വാസ ക്യാമ്പുകളിലായി കഴിയുന്നത് 1,349 പേർ.

2. മഴ തുടരുന്ന സാഹചര്യത്തിൽ ഏത് അടിയന്തര സാഹചര്യവും നേരിടാൻ സജ്ജമെന്ന് സംസ്ഥാന സർക്കാർ. വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

3. തിരുവനന്തപുരം, കൊല്ലം, ഒഴികെ മറ്റെല്ലാ ജില്ലകളിലും ഇന്ന് ഓറഞ്ച് ജാഗ്രത. ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്. കണ്ണൂർ, പത്തനംതിട്ട ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

4. പുതുതായി അനുവദിച്ച മുൻഗണനാ റേഷൻകാർഡുകളുടെ വിതരണോദ്ഘാടനം നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും.

5. വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുമ്പോൾ രാജ്യത്തെ യുവാക്കൾ കായികമായും മാനസികമായും കരുത്തുള്ളവരും ആത്മവിശ്വാസം നിറഞ്ഞവരുമായിരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

RNU TVPM

6. കോമൺവെൽത്ത് ഗെയിംസിന് ഇന്ന് സമാപനം. 39 മെഡലുമായി ഇന്ത്യ നാലാം സ്ഥാനത്ത്..

**മഴ**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള- കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**മഴ-ദുരിതാശ്വാസം**

സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ എട്ട് മരണം സ്ഥിരീകരിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും വീടും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും സഹായം ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ. മലയോര മേഖലകളിൽ ജാഗ്രത തുടരണം. ഏതു സാഹചര്യവും നേരിടാനുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

RNU TVPM

**തദ്ദേശ സ്വയംഭരണം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഏത് അടിയന്തര ഘട്ടവും നേരിടാൻ സർക്കാരും തദ്ദേശ സ്വയംഭരണ വകുപ്പും സജ്ജമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കാൻ നിർദേശിച്ചിട്ടുണ്ട്. അപകടസാധ്യതാ പ്രദേശങ്ങളിൽ നിരീക്ഷണം ശക്തമാക്കുകയും മുൻകൂട്ടി ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറ്റുകയും ചെയ്യും.

രക്ഷാപ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ പ്രാദേശികമായി സജ്ജമാക്കാനും കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം ഉറപ്പാക്കാനും നിർദേശമുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

<u>ദുരിതാശ്വാസ ക്യാമ്പ്</u>

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 64 ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത് 1,349 പേർ. കൂടുതൽ പേർ കഴിയുന്നത് പത്തനംതിട്ട ജില്ലയിലാണ്. 567 പേർ. കോട്ടയം- 505, ഇടുക്കി- 79, കോഴിക്കോട്- 78, മലപ്പുറം- 61 എന്നിങ്ങനെയാണ് ക്യാമ്പുകളിൽ കഴിയുന്നവരുടെ എണ്ണം. സംസ്ഥാനത്തെ എല്ലാ താലൂക്ക് കൺട്രോൾ റൂമുകളും 24 മണിക്കൂറും പ്രവർത്തനസജ്ജമാണെന്ന് സംസ്ഥാന ദുരന്തനിവാരണ കൺട്രോൾ റൂം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

RNUTVPM

<u>കണ്ണൂർ മഴ (ഇൻട്രോ)</u>

<u>*കണ്ണൂർ ജില്ലയിൽ മഴയ്ക്ക് കുറഞ്ഞെങ്കിലും മഴക്കെടുതി രൂക്ഷം. നിലവിൽ ഒരു മരണമാണ് ജില്ലയിൽ ഉണ്ടായത്. കൂത്തുപറമ്പ് കൈതേരിയിൽ, അപ്പു എന്ന രാരീഷ് ആണ് മരിച്ചത്. മന്ത്രി സണ്ണി ജോസഫ് അപകടസ്ഥലം സന്ദർശിച്ചു.*</u>

<u>*കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ.*</u>

<u>*(വോയിസ്)*</u>

☸☸☸☸☸☸☸☸☸☸☸☸☸

<u>വിനോദസഞ്ചാര നിയന്ത്രണം</u>

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ, വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങൾ, മലയോര വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയിൽ നിയന്ത്രണം ഏർപ്പെടുത്താൻ ദുരന്ത നിവാരണ അതോറിറ്റി ടൂറിസം വകുപ്പിനും ഡി. ടി. പി. സി. കൾക്കും നിർദേശം നൽകി.

അപകടസാധ്യതയുള്ള റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാനും, സഞ്ചാരികൾക്ക് സുരക്ഷാ വിവരങ്ങൾ ലഭ്യമാക്കാനും നിർദേശമുണ്ട്. കൂടാതെ കൺട്രോൾ റൂമുകൾ തുറക്കാനും പോലീസ്, ഫയർഫോഴ്സ് സേനകളുമായി ഏകോപിച്ച് പ്രവർത്തിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>വിദ്യാഭ്യാസ സ്ഥാപന- അവധി</u>**

കനത്ത മഴയുടെ പശ്ചാത്തലത്തിൽ പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, കുട്ടനാട് താലൂക്കുകളിലും നാളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

**<u>കോഴിക്കോട് മഴ</u>**

കോഴിക്കോട് കൊയിലാണ്ടിയിൽ വെള്ളക്കെട്ടിൽ വീണ് ചികിത്സയിലായിരുന്ന രണ്ട് വയസുകാരൻ മരിച്ചു. കാപ്പാട് സ്വദേശി നൗഷാദിന്റെ മകൻ മാസിൻ ആണ് മരിച്ചത്. അതേസമയം മലബാർ റിവർ ഫെസ്റ്റിവെലിനോടനുബന്ധിച്ചുള്ള ഈ വർഷത്തെ എല്ലാ മത്സരങ്ങളും പൊതുപരിപാടികളും റദ്ദാക്കിയതായി സംഘാടകർ അറിയിച്ചു.

**<u>റേഷൻ- ഉദ്ഘാടനം</u>**

73,024 അർഹരായ കുടുംബങ്ങളുടെ പൊതുവിഭാഗം റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയതിൻറെ സംസ്ഥാനതല വിതരണോദ്ഘാടനം നാളെ. പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ രാവിലെ തിരുവനന്തപുരത്ത് നിർവഹിക്കും. ഗുണഭോക്താക്കൾക്ക് ഓഗസ്റ്റ് മുതലുള്ള സൗജന്യ റേഷൻ

വിതരണോദ്ഘാടനവും ചടങ്ങിൽ നടക്കും. മന്ത്രി അനൂപ് ജേക്കബ് ചടങ്ങിൽ ആധ്യക്ഷ്യം വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി**

വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ മുന്നേറുമ്പോൾ രാജ്യത്തെ യുവാക്കൾ കായികമായും മാനസികമായും കരുത്തുള്ളവരും ആത്മവിശ്വാസം നിറഞ്ഞവരുമായിരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവതലമുറ എപ്പോഴും ലഹരിവസ്തുക്കളിൽ നിന്നും വിട്ടുനിൽക്കണമെന്നും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**SPC – റവാഡ ആസാദ് ചന്ദ്ര ശേഖർ**

കേരള പോലീസിൻറെ സ്റ്റുഡൻറ്സ് പൊലീസ് കേഡറ്റ് പദ്ധതി രാജ്യത്തിനും വിദേശരാജ്യങ്ങൾക്കും മാതൃകയെന്ന് സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ. മാനസികവും ശാരീരികവുമായ വികാസം ഉറപ്പാക്കി, സാമൂഹിക സേവനം ചെയ്യാൻ പ്രാപ്തമായ ഒരു സംഘം യുവാക്കളെ വാർത്തെടുക്കുന്നതിൽ വിജയം നേടിയ മാതൃകയാണ് എസ്.പി.സി പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു. എസ്.പി.സി. യുടെ 16-ാം

വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന സെറിമോണിയൽ പരേഡിൽ അഭിവാദ്യം സ്വീകരിക്കുക ആയിരുന്നു അദ്ദേഹം.

**കോമൺവെൽത്ത്**

കോമൺവെൽത്ത് ഗെയിംസിന് ഇന്ന് സമാപനമാകും. 39 മെഡലുമായി ഇന്ത്യ നാലാം സ്ഥാനത്താണ്. 13 സ്വർണം, 17 വെള്ളി, ഒൻപത് വെങ്കലം എന്നിങ്ങനെയാണ് ഇന്ത്യയുടെ മെഡൽ നേട്ടം.

പത്തനംതിട്ട (ഇൻട്രോ)

*പത്തനംതിട്ട ജില്ലയിൽ മഴക്കെടുതികൾക്ക് ശമനമാകുന്നു. അതേസമയം ജാഗ്രത തുടരണമെന്ന് ജില്ല ഭരണകൂടം നിർദേശിച്ചു.*

*ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട് '............*

*(വോയിസ്)*

സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ്

സംസ്ഥാനത്തെ സാഹചര്യങ്ങൾ മനസിലാക്കി ഇടപെടാനും ജനങ്ങളെ സഹായിക്കാനുമുള്ള ഉത്തരവാദിത്തം മുഖ്യമന്ത്രി വി.ഡി. സതീശൻ നിറവേറ്റണമെന്ന് സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ്. കാലവർഷ കെടുതിയും കടലാക്രമണവും മൂലം അരക്ഷിതാവസ്ഥയിലായ ജനങ്ങൾ പ്രതീക്ഷ വയ്ക്കുന്നത് സംസ്ഥാന സർക്കാരിലാണെന്നും പാർട്ടി സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു.

RNU TVPM

ജനങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധിയെ നേരിടുന്നതിന് എല്ലാ പാർട്ടി ഘടകങ്ങളും സജീവമായി രംഗത്തിറങ്ങണമെന്നും പ്രസ്താവനയിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ബിജെപി അധ്യക്ഷൻ -രാജീവ് ചന്ദ്രശേഖർ

മഴക്കെടുതികളിൽ ദുരിതം അനുഭവിക്കുന്ന ഓരോ കുടുംബത്തിനും അടിയന്തര ആശ്വാസവും അർഹമായ നഷ്ടപരിഹാരവും സംസ്ഥാന സർക്കാർ ഉറപ്പാക്കണമെന്നു ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ദുരന്തമുഖത്ത് ജനങ്ങൾക്ക് വേണ്ടത് പിന്തുണയും ആശ്വാസവും അതിജീവനത്തിനായുള്ള മാർഗവുമാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

PNU TVPM

## മുലയൂട്ടൽ വാരാചരണം

ലോക മുലയൂട്ടൽ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവഹിക്കും. വി മുരളീധരൻ എം എൽ എ അധ്യക്ഷത വഹിക്കും. ഈ മാസം 7 വരെയാണ് ലോക മുലയൂട്ടൽ വാരം. 'മുലയൂട്ടൽ: ജീവിതത്തിൻറെ സുസ്ഥിരമായ തുടക്കത്തിന്' എന്നതാണ് ഈ വർഷത്തെ സന്ദേശം.

❁❁❁❁❁❁❁❁❁❁❁❁❁

## പത്തില കർക്കിടക ഫെസ്റ്റ്

കർക്കിടകത്തിലെ പരമ്പരാഗത ആരോഗ്യഭക്ഷണ ശീലങ്ങൾ പ്രചരിപ്പിക്കുന്നതിനായി കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ സംഘടിപ്പിക്കുന്ന 'പത്തില കർക്കിടക ഫെസ്റ്റ്' നാളെമുതൽ മുതൽ ഈ മാസം 7 വരെ എറണാകുളം കളക്ട്രേറ്റ് കോമ്പൗണ്ടിൽ നടക്കും. കുടുംബശ്രീ സംരംഭകർ ഒരുക്കുന്ന കർക്കിടക വിഭവങ്ങൾ, ഭക്ഷ്യവസ്തുക്കൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും മേളയിലുണ്ടായിരിക്കും.

RNU TVPM